A

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4326</u> <u>26/06/2014 ൽ മറുപടിയ്ക്ക്</u>

## <u>സർക്കാർ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളും സ്ഥലങ്ങളും</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളും സ്ഥലങ്ങളും വിലയ്ക്ക് വാങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| ബി) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ ഇരുവള്ളൂർ ഗവൺമെന്റ് യു.പി. സ്കൂളിലെ ടോയ്ലറ്റ്, സ്റ്റേജ്, പാചകപ്പുര, ഗ്രൗണ്ട് തുടങ്ങിയവ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽപ്പെട്ട സ്ഥലത്താണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) കെട്ടിടവും സ്ഥലവും ഗവൺമെന്റിന് ന്യായവിലയ്ക്ക് നൽകാൻ തയ്യാറാണെന്ന കെട്ടിടമുടമയുടെ സാക്ഷ്യപത്രം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; | (സി) മാർക്കറ്റ് വിലയ്ക്ക് വിട്ടുനൽകാൻ തയ്യാറാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| ഡി) ലഭിച്ചിട്ടുണ്ടെങ്കിൽ ഈ സർക്കാർ വിദ്യാലയത്തിന് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ബാധകമല്ല. |

Padmakumar

സെക്ഷൻ ഓഫീസർ